# NATIONAL HSS VATTOLI

# മഞ്ഞുതുള്ളികൾ

## LK UNIT 2022-25
## MAGAZINE

# ആമുഖം

പഠിക്കാനും അറിവ് സ്വന്തമാക്കാനുള്ള അദമ്യമായ ആഗ്രഹവുമായിജീവിക്കുന്ന ഒരു തലമുറയ്ക്ക് മുന്നിൽ അക്ഷര വെളിച്ചത്തിന്റെ വാതായനം തുറന്നു കൊണ്ട് ഡോക്ടർ പത്മനാഭന്റെ നേതൃത്വത്തിലുള്ള സന്മനസ്സുകളുടെ ഒരു കൂട്ടായ്മയിലൂടെ പിറവിയെടുത്ത വട്ടോളി നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഏഴ് ദശാബ്ദങ്ങൾ പിന്നിടുകയാണ്

പഠനരംഗത്തെ മികവിലും കായിക രംഗത്തെകുതിപ്പിലും കലാരംഗത്തെ വിസ്മയ പ്രകടനങ്ങളിലും സർഗ്ഗ ഭാവനകളുടെ പ്രകാശനത്തിലും പിന്നിട്ട നാളുകളിൽ ചരിത്ര മുഹൂർത്തങ്ങൾ സൃഷ്ടിച്ചു കൊണ്ട് ഈ വിദ്യാലയം ജനഹൃദയങ്ങളിൽ ജീവിക്കുന്നു.മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കിയും , അക്കാദമിക് കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തിയും , കല- കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യമേകിയും ഈ വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്ന മാനേജ്മെൻറ് കമ്മിറ്റി അന്തർദേശീയ നിലവാരത്തിലേക്ക് ഈ വിദ്യാലയത്തെ ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇന്ന് യുപി ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ മൂവായിരത്തോളംവിദ്യാർത്ഥികൾ പഠനം നടത്തുന്ന ഈ വിദ്യാലയം അക്കാദമിക് മികവിലും പഠനാനുബന്ധ മേഖലകളിലെ വിജയ കുതിപ്പിലും ജില്ലാതലത്തിൽ തന്നെ ശ്രദ്ധ നേടിയിട്ടുണ്ട്. വടകര താലൂക്കിലെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തുന്ന വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഈ സ്ഥാപനം നാളിതുവരെ നേടിയ പുരോഗതിക്ക് തുണയായി നിന്നത് സ്കൂൾ സംരക്ഷണ സമിതിയുടെയും നാട്ടുകാരുടെയും അതിലുപരി സ്കൂൾ പിടിഎയുടെയും ഉപദേശ നിർദ്ദേശങ്ങൾ ആണ് സേവന നിരതമായ അധ്യാപന ജീവിതത്തിനു ശേഷം പി. പി. അനൂപ് കുമാർ , വി.ജയകൃഷ്ണൻ , ആർ വി സുലോചന എന്നിവർ ഈ അദ്ധ്യയനവർഷം സർവീസിൽ നിന്ന് വിരമിക്കുകയാണ്.

പ്രിയ ഗുരുജനങ്ങൾക്ക് നന്മയുടെ നല്ല നാളുകൾ ആശംസിക്കുന്നതോടൊപ്പം ആയുരാരോഗ്യസൗഖ്യം നേരുന്നു.പഠനത്തോടൊപ്പം സർഗ്ഗ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന രീതിഈ വിദ്യാലയത്തെഎന്നും
മികവുറ്റതാകുന്നു.വിവരസാങ്കേതികവിദ്യയുടെ മികവുറ്റ പ്രവർത്തനങ്ങളുമായി സബ്ജില്ലാ ജില്ലാ സംസ്ഥാനതലങ്ങളിൽ ശ്രദ്ധ ആകർഷിക്കുവാൻ നമുക്ക് എന്നും .കഴിഞ്ഞിട്ടുണ്ട്. ഐടി മേഖലയെ ധന്യമാക്കിക്കൊണ്ട് പുതുമയുള്ള പ്രവർത്തനങ്ങളുമായി നടത്തുന്ന ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിൽ .ഒരു പൊൻതൂവൽ കൂടിചാർത്തുകയാണ്.നിങ്ങളുടെഅനുഗ്രഹവും പ്രോത്സാഹനവും എന്നും പ്രതീക്ഷിക്കുന്നു

**ടീം ലിറ്റിൽ കൈറ്റ്സ്**
**നാഷണൽ ഹയർസെക്കൻഡറി സ്കൂൾ വട്ടോളി**



പ്രിയരെ,

നന്മയുടെ പൂമരങ്ങളാവണം നമ്മൾ . പഠനത്തോടൊപ്പം സർഗ്ഗ ശേഷിയുടെ അനശ്വരതകൾക്ക് വേദിയൊരുക്കുകയാണ് നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ.

കഥകളും കവിതകളും പഠനങ്ങളും അനുഭവങ്ങളും നിറഞ്ഞ ഈ മാഗസിൻ പ്രവർത്തനത്തിന് എല്ലാ ആശംസകളും നേരുന്നു. ഈ കൂട്ടായ്മയുടെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ് പ്രഭാനന്ദിനി

# കാത്തിരിപ്പ്

**അ**തെ അവൾ കാത്തിരിക്കുകയാണ് സ്വന്തം ഏട്ടനുവേണ്ടി......

അവളെയും അച്ഛനെയും അമ്മയെയും അവളുടെ ഏട്ടൻ വിട്ടുപിരിഞ്ഞിട്ട് ഒരു വർഷം തികയുന്നു . മരിച്ചിട്ട് ഒന്നുമില്ല അനിയത്തി കുട്ടിയോട് പറഞ്ഞിട്ടാണ് ഏട്ടൻ പോയത്. ഇതിനൊരു കാരണമുണ്ട് ഏട്ടൻ എല്ലാ പ്രശ്നങ്ങളും അനിയത്തിയോട് പറയും അതുപോലെ തന്നെയാണ് തിരിച്ചും അങ്ങനെ എനിക്ക് ഒരു ദിവസം അവളുടെ ഏട്ടൻ അവളുടെ പറഞ്ഞു പോവുകയാണ് അവൾ ചോദിച്ചു എന്തിന് ? എവിടെ ? ഏട്ടൻ പറഞ്ഞു.എനിക്കിനി വയ്യ കുറെ പരിഹാസങ്ങൾ കേട്ടു. ടീച്ചറുടെ അടുത്ത് നിന്ന് കൂട്ടുകാരുടെ അടുത്ത് നിന്ന് . എന്തിന് സ്വന്തം അമ്മയുടെ അച്ഛന്റെയും അടുത്ത് നിന്ന് .എനിക്ക് ഇനി വയ്യ .അതുകൊണ്ട് ഞാൻ പോവുകയാണ്എവിടെയെങ്കിലും എന്നിട്ട് ഞാൻ ഒരിക്കലും പഠിക്കില്ല എന്ന് പറഞ്ഞ് മുന്നിൽ ചെന്ന് വലിയ ആളായി നിൽക്കാം .അനിയത്തിക്ക് വളരെ സങ്കടമായി പെട്ടെന്ന് പൊന്നുപോലെ സ്നേഹിച്ച അനിയത്തി കുട്ടിക്ക് ഏട്ടൻ പോവുകയാണെന്ന് പറഞ്ഞിട്ട് കരയാതിരിക്കാൻ പറ്റിയില്ല. അവനും സങ്കടമുണ്ട് അവളെ വിട്ടു പിരിയാൻ പറ്റിയില്ല അവനും സങ്കടമുണ്ട് .സങ്കടങ്ങളൊക്കെ അവൻ മാറ്റി തൻ്റെ ലക്ഷ്യം ഹൃദയത്തിനുള്ളിൽ സൂക്ഷിച്ച്. അവൻ തൻ്റെ അനിയത്തിയോട് പറഞ്ഞു അമ്മ ചോദിച്ചാൽ ഏട്ടനെ ഞാൻ കണ്ടില്ലഎന്ന് കണ്ടില്ലെന്ന് പറയാം എന്ന് .അവൾ മനസ്സിലാക്കിക്കൊണ്ട് സമ്മതിച്ചു. അവൻ എൻറെ ഓർമ്മയ്ക്കായി ഒരു മാല അവൾക്കു കൊടുത്തു .അവൾ അവളുടെ ഒരു ഫോട്ടോയും കൊടുത്തു .അങ്ങനെ അവർ യാത്ര പറഞ്ഞു കുറച്ചു കഴിഞ്ഞപ്പോൾ അവരുടെ അമ്മ അവനെ തിരക്കി വന്നു.അവൾ ഏട്ടൻ പറഞ്ഞപോലെ പറഞ്ഞുഅവൾ ഏട്ടൻ പറഞ്ഞ പോലെ പറഞ്ഞു ആ അമ്മ തൻ്റെ ഭർത്താവിനോട് പറഞ്ഞു അവൾ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു.പോലീസ് അന്വേഷണം തുടങ്ങി .ഒരു വർഷം കഴിഞ്ഞിട്ടും അവനെ കണ്ടു പിടിക്കാനായില്ല .അവൻറെ അമ്മ വിഷ വിഷമത്തിലായി .അച്ഛനും അതുപോലെ തന്നെ . അവൻ അവനെ വഴക്കു പറഞ്ഞതെല്ലാം അവൻ ഓർത്തു ഇപ്പോൾ അവൻ ഖേദിക്കുന്നു. പക്ഷേ ഇപ്പോഴും അനിയത്തി തന്നെ ഏട്ടന് വേണ്ടി കാത്തുനിൽക്കുന്നു. ഏട്ടൻ തന്നെ ആ മാല ഇപ്പോഴും അവൾ പെട്ടി ഹൃദയത്തിലും അവൾ സൂക്ഷിക്കുന്നു. എന്നാണ് തൻറെ ഏട്ടൻ വരുന്നത് എന്ന് ആലോചിക്കാത്ത ദിവസമില്ല. അമ്മയും അച്ഛനും സങ്കടത്തിലാണ് 'എൻ്റെ അറിവോടെയാണ് . ഏട്ടൻ പോയതെന്ന് അവർക്കറിയില്ല പക്ഷേ ഏട്ടൻ നല്ല ഒരാളായിരുന്നു . വന്നിട്ട് പറയും അവൾക്ക് നല്ല ഉറപ്പുണ്ട് തൻ്റെ ഏട്ടൻ നല്ല ജോലി കിട്ടി പരിഹസിച്ചവരുടെ മുന്നേ വന്ന് നിൽക്കുമെന്ന് . ആ വരവും കാത്തുനിൽക്കുകയാണ് അവൾ. ഓരോ നിമിഷവും കണ്ണടക്കുമ്പോൾ തന്നെ ഏട്ടനെ ഓർത്ത് ആ അഭിമാന നിമിഷം വരുമെന്ന് കാത്തിരിക്കുകയാണ് ..................

**അ**ങ്ങനെ അങ്ങനെ കുറെ മാസങ്ങളും വർഷങ്ങളും കടന്നുപോയി . ഏട്ടനെയും കാത്തിരിക്കുന്ന ആ അനിയത്തി വളർന്നു മുതിർന്നിട്ടും ഏട്ടൻ വരാത്തത് അവളുടെ മനസ്സിൽ മുറിവുണ്ടാക്കിയ കാര്യമാണിത്. പിന്നെ അവളുടെ മനസ്സിൽ പേടിയായി .ഇനി ഏട്ടൻ എന്തെങ്കിലും സംഭവിച്ചോ ? എന്തുപറ്റി ? ഈ വിഷയങ്ങളെയെല്ലാം അവൾ ഉള്ളിൽ ഒതുക്കി. വെച്ചു പിന്നീട് അനിയത്തിയെ ഏട്ടനെയും കാത്തുനിൽക്കുകയാണ് . അവളുടെ മനസ്സിൽ ഇപ്പോഴും ഉത്തരം കിട്ടാത്ത ചോദ്യമാണ് . എപ്പോൾ എന്റെ ഏട്ടൻ തിരിച്ചുവരും .............

തീരാത്ത ഓർമ്മയുമായി അനിയത്തിയുടെ ജീവിതം ഇനിയും ബാക്കി

**നൈനിക ഇ. സി**
**7 - A**

# മഴ


മഴ മഴ മഴ മഴ
മാനത്തിനോരു
കിലുകിലെ ശബ്ദം
കേട്ടപ്പോൾ
അക്കരെനിന്നും
കുഞ്ഞു കുരുന്നുകൾ
മാടിവിളിച്ചു
പുതുമഴയെ.........


മഴ മഴ മഴ മഴ
മാനത്തിനോരു
കിലുകിലെ ശബ്ദം
കേട്ടപ്പോൾ
അക്കരെനിന്നും
കുഞ്ഞു കുരുന്നുകൾ
മാടിവിളിച്ചു
പുതുമഴയെ.........

മഴയെ വാ മഴയെ വാ
പൂമഴയേ....
നീ പുതുമയേ
മഴയെ വാ മഴയെ വാ
പൂമഴയേ....



Aanliya pramod
6 - C








Sreyas Shanker
9 - A

# അമ്മ

ഭ്രൂമിതൻ ജനനി
ഭ്രൂമിതൻ അമ്മ
ജീവൻ അമ്മയിൽ
ജീവിതം ഭ്രൂമിയിൽ
അമ്മ വാക്കുകൾ പുണ്യ-
മാം തത്വം
അമ്മ ദൈവ-
മാം സത്യം
അമ്മയുടെ സ്നേഹ വെളിച്ചം
സൂര്യകിരണങ്ങൾക്കു തുല്യം
അത്രമേൽ വെളിച്ചം പകരുന്ന
ജീവിതം അമ്മയോടൊപ്പം തന്നെ
അമ്മിഞ്ഞപാലിന് സ്നേഹ-
ത്തിലാം തുടക്കം
വൃദ്ധസദസിലാം അന്ത്യം
അമ്മയുടെ സ്നേഹം കാണാതെ പോവുന്ന
മനുഷ്യർ ,
പാപിക്ക് തുല്യം .
എത്രമേൽ എത്രമേൽ
സഹിച്ചാലും അമ്മ
മക്കൾക്കുവേണ്ടി കാത്തിരിപ്പൂ



നിവേദ്യ രാജ്
10 - H





Abin suresh

6 - F







Abin Suresh

6 - F

# ഓർമ്മതീരം

തിരിഞ്ഞുനോക്കുമ്പോൾ വല്ലാത്ത ഒരുതരം അനുഭൂതിയാണ് , മനോഹരമായ ജീവിതത്തിന്റെ ഏതാനും ചില ഏടുകൾക്ക് സമ്മാനിച്ച '2023' നോട് പ്രണയം തോന്നിപ്പോകുന്നു. പത്താം ക്ലാസ് എന്ന വലിയ കടമ്പയിലേക്ക് കാലെടുത്ത് വെച്ച അധ്യായം

പുതിയ വിദ്യാലയത്തിലേക്കുള്ള ആഗമനം ആയിരുന്നു. ഒത്തിരി ആകാംക്ഷനിറഞ്ഞ ഒരു നൂറ് സ്വപ്നങ്ങളുമായാണ് ജൂൺ ഒന്നിന് നാഷണൽ എച്ച്. എസ്. എസ്. വട്ടോളിയിലേക്ക് കയറിയത്. മനോഹരമായ അന്തരീക്ഷങ്ങളും ചുറ്റുപാടും മനസ്സിനെ നന്നായി തണുപ്പിച്ചു. എന്നാൽ......

അപ്രതീക്ഷിതമായി സംസ്കൃതം സ്കൂളിൽ നിന്നും പടിയിറങ്ങിയത് ഇന്നും കണ്ണിൽ ഈറന ണിയിക്കാറുണ്ട് . പ്രിയപ്പെട്ട അധ്യാപകരോടും അതിലേറെ ഇഷ്ടപ്പെട്ട സൗഹൃദങ്ങളോടും യാത്ര പറഞ്ഞിറങ്ങിയ ദിനം ഇന്നും തീരാനൊമ്പരമാണ് . അത്രമേൽ പ്രിയപ്പെട്ടതായിരുന്നു ആ വിദ്യാലയം . എന്നാൽ സാഹചര്യങ്ങളുടെ കുരുക്കിൽ പെട്ട് ജീവിതത്തിന്റെ ഏറെ പ്രിയപ്പെട്ട ഒരു ഭാഗം മാറിമറിഞ്ഞപ്പോൾ അതിനോട് പൊരുത്തപ്പെട്ട് ശീലമായിരിക്കുന്നു .

പുതിയ വിദ്യാലയം തീർത്ത് മനോഹരമായ ഒരു അനുഭൂതി തന്നെ ഹൃദയത്തിൽ സൃഷ്ടിച്ചു . പുതിയ അധ്യാപകർ , കൂട്ടുകാർ , ക്ലാസ് മുറികൾ ഒക്കെ മനോഹരമായ ഓർമ്മകളാണ് . ആശങ്കയോടെയാണ് എത്തിയെങ്കിലും വിദ്യാലയത്തിന്റെ സമീപനവും തികച്ചും ഉന്മേഷവതിയാക്കി . പഠനവും , കലയും , കായികവുമൊക്കെയായി ഇത്രയും ദിനങ്ങൾ മറിക്കപ്പെട്ടത് അറിഞ്ഞില്ല . വൈകുന്നേരത്തോട ടുക്കുന്ന സായാഹനങ്ങളിൽ ആ ആൽമരച്ചോട്ടിലെ പടിമ്മൽ ഒറ്റയ്ക്കിരിക്കുമ്പോൾ നേരെ എതിർഭാഗത്തുനിന്ന് എത്തുന്ന ഒരു തണുത്ത കാറ്റുണ്ട് . മനസ്സിലെ എല്ലാ സങ്കടങ്ങളും തിരിച്ചിങ്ങു കൂട്ടും ഈ ഏഴ് മാസക്കാലം ഞാനത് ആവോളം അനുഭവിച്ചിട്ടുണ്ട്.

പിന്നെ ഒരുപാട് സത്യങ്ങൾ മനസ്സിലാക്കി തന്ന ഒരു വർഷം കൂടിയാണ് '2023' . ചില ബന്ധങ്ങളുടെയും മനുഷ്യരുടെയും ചില വേറിട്ട മുഖങ്ങൾ വരച്ചു കാണിച്ചു തന്ന ഏറെ പ്രിയപ്പെട്ടവർഷം . എൻ്റെ ജീവിതത്തിൻറെ ഒരു ഭാഗം ഞാൻ കടം കൊടുത്തപ്പോൾ ഒരായിരം ഓർമ്മകൾ സമ്മാനിച്ചു എങ്ങോട്ടോ പോയി മറഞ്ഞു .

അങ്ങനെ '2023'ലെ അവസാന നിമിഷങ്ങളും എണ്ണപ്പെട്ടു കൊണ്ടിരിക്കുകയാണ് . '2023'നെ ഏറെ ഭംഗിയുള്ളതാക്കിയത് പണ്ടെപ്പോഴോ ഉപേക്ഷിച്ച ഡയറിയെടുത്ത് എഴുതാൻ തുടങ്ങിയപ്പോഴാണ് . ഓരോ താളുകളും ഇന്ന് മറിച്ച് നോക്കുമ്പോൾ ചുണ്ടിൽ ചെറിയ ഒരു പുഞ്ചിരി വിരിയും .

എങ്കിലും ഏറ്റവും മനോഹരമായ കാലം ഒമ്പതാം ക്ലാസ് ആയിരുന്നു . കുറച്ചു കുരുത്തക്കേടും കുസൃതിയുമൊക്കെയായി കഴിച്ചുതീർത്ത ആ കാലഘട്ടം എന്നും മനസ്സിനെ കുളിരണിയിക്കുന്നവയാണ് . ഞാള് തുളസി മാഷും കൂട്ട്യോളും അത് ഭയങ്കര രസായിരുന്നു . പത്തിലെത്തിയപ്പോൾ ഒന്നിനും സമയം തികയാത്ത അവസ്ഥയായിരുന്നു . എങ്കിലും കിട്ടിയ ചെറിയ സമയങ്ങൾ ഞങ്ങൾ വലിയ സന്തോഷങ്ങൾ ആക്കി മാറ്റി . അങ്ങനെ കളിയും ചിരിയും ഒമ്പതിന്റെയും പത്തിന്റെയും താളങ്ങളൊക്കെ ചേർന്ന് ഒരു മഹാസംഗമം തന്നെയായിരുന്നു '2023'

" വേറിട്ട വിദ്യാലയങ്ങൾ , അധ്യാപകർ കൂട്ടുകാർ അങ്ങനെ ഒരുപാട് പുതിയ കാര്യങ്ങൾ പരിചയപ്പെടാൻ '2023' വഴിയൊരുക്കി . ഈ കൊച്ചുപ്രായത്തിലെ സാഹചര്യങ്ങളെ തരണം ചെയ്യാനുള്ള കരുത്തും സമ്മാനിച്ചു."നമുക്ക് നമ്മളോട് തന്നെ ചില ഉത്തരവാദിത്വങ്ങളുണ്ട് , അതിനായുള്ള സമയവും സാഹചര്യവും നാം തന്നെ സൃഷ്ടിക്കുക"

ഒരുപാട് പ്രതീക്ഷകളും സ്വപ്നങ്ങളുമായി '2024' ലേക്ക് കാലെടുത്തുവെക്കുകയാണ് , ശൂന്യമായ ഹൃദയങ്ങളെ ധന്യമാക്കാൻ ഈ അധ്യായത്തിന് കഴിയട്ടെ..........

**റിഫാ മെഹറിൻ ടി . പി**
**10 - H**

# സൗഹൃദം

നശ്വരമാകുമീ ജീവിതയാത്രയിൽ
അനശ്വരമാകുന്ന മുത്താണ് സൗഹൃദം
നിൻമനതാരിലെ ചെപ്പിലാക്കി
കാത്തു സൂക്ഷിക്കുകകൈവിടാതെ
നേടിടാം ധാന്യ ധനാദികളൊക്കെയും
ആത്മാർത്ഥമായൊരു അധ്വാനത്താൽ
നിർമല സ്നേഹം നിറയുന്ന സൗഹൃദം
കിട്ടാനസാധ്യമാണെന്നു ധരിക്കുക
കേവലം കൂൺപോലെ എങ്ങും നിറയുമീ
ആത്മാർത്ഥത തൊട്ടു തീണ്ടാത്ത ബന്ധങ്ങൾ
അറിയാക്കുരുക്കിൽ നിന്നകലേക്ക് പോകുവാൻ
പൊട്ടിച്ചെറിയുക കേവല ബന്ധനം
നിറയട്ടെ എങ്ങെങ്ങും സൗഹൃദ വലയങ്ങൾ
അറിയട്ടെ സ്നേഹത്തിൻ മാധുര്യമേവരും.
ജാതിമത ഭേദചിന്തകൾ മാറട്ടെ
സ്നേഹമായിടട്ടെ സർവ്വർക്കും തൻ മതം




**ഉമ . ടി**
(അധാപിക ( nhss vattoli)





HARINANDH K K
9 - A



# എന്റെ മഴക്കാല അനുഭവം


മഴക്കാലം എന്നത് ചിലപ്പോൾ മനോഹരവും ദുഃഖവും ആയിരിക്കും അതുപോലെയാണ് 2018 എന്ന വർഷത്തെ മഴ പലരിലും ആ മഴ സന്തോഷമുണർത്തിയെങ്കിലും കേരളം നടുങ്ങിയ മഴയായിരുന്നു ഇത് മഴയല്ല പേമാരിഅത് പിന്നീട് പ്രളയമായി മാറി കുട്ടികളിൽ അത് സന്തോഷമായി ഇരുന്നു സ്കൂളുകൾക്കൊക്കെ അവധി വെള്ളത്തിൽ നിന്ന് കളിക്കാൻ പോവാം എന്നൊക്കെയുള്ള ആഗ്രഹങ്ങൾ അത് എന്റെ മനസ്സിലും ഉയർന്നു ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവംആണ് അത് ആ സമയത്ത് എന്റെ വീട്ടിൽ അമ്മയും അച്ഛനും ഉണ്ടായിരുന്നില്ല അച്ഛമ്മയുടെ ബൈപ്പാസ് ഓപ്പറേഷൻ കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു വീട്ടിൽ ചെറിയമ്മയും ഞാനു അനുജത്തിയും മറ്റ രണ്ടു മുത്തശ്ശികളും മാത്രം ചെറിയമ്മ ഞങ്ങളുടെ ഇഷ്ടങ്ങൾ ഇഷ്ടപ്പെടുന്ന ഒരാളാണ് അപ്പുറത്തെ വീട്ടിലെ ചേ ചിമാരെല്ലാം വെള്ളം കാണാൻ റോഡിൽ പോയി ഞങ്ങളെ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ സമ്മതിച്ചില്ല പിന്നീട് കരഞ്ഞപ്പോഴാണ് ചെറിയമ്മ ഞങ്ങളുടെ വൈകുന്നേരം പറഞ്ഞത് ആ സമയം ഞങ്ങൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി ഒന്ന് വൈകുന്നേരം നല്ല മഴയായിരുന്നു എന്നിരുന്നാലും ഞങ്ങൾ കുടയൊക്കെ ചൂടി റോഡിലേക്ക് പോയി റോട്ടിൽ നോക്കുമ്പോൾ നെഞ്ചോളം വെള്ളവും ചേച്ചിമാരൊക്കെ അവിടെ നിന്ന് കളിക്കുകയാണ് ഞാനും അവരോടൊപ്പം കൂടി സന്ധ്യയായപ്പോഴാണ് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചത് അന്ന് മുഴുവനും വെള്ളത്തെക്കുറിച്ച് പറഞ്ഞിരുന്നു അന്നത്തെ ദിവസം മുഴുവനും വെള്ളം മാത്രം ആ ഒരാഴ്ച ഞങ്ങളുടെ വീട്ടിലുള്ളവർ ക്യാമ്പിലായിരുന്നു കറന്റ് ഇല്ലായിരുന്നു ഇൻവെർട്ടറിൽ പ്രവർത്തിച്ച ഞങ്ങൾ ടിവിയിലെ വാർത്തകളിൽ എങ്ങും വെള്ളപ്പൊക്കവും ക്യാമ്പുകളുടെയും വീഡിയോകൾ സത്യം വീട്ടിലുള്ളവർ ക്യാമ്പിലായിരുന്നു ഇൻവെർട്ടറിൽ പ്രവർത്തിച്ച ഞങ്ങൾ ടിവിയിലെ വാർത്തകളിൽ എങ്ങും വെള്ളപ്പൊക്കവും ക്യാമ്പുകളുടെയും വീഡിയോകൾ സത്യം പിഞ്ചുകുഞ്ഞുങ്ങളെ ഒക്കെ തോണിയിൽ കയറ്റി കൊണ്ടുപോകുന്ന ദൃശ്യങ്ങൾ എല്ലാം വല്ലാതെ തളർത്തി അപ്പോഴൊക്കെ ഞാൻ ചിന്തിക്കുന്നത് ഞാൻ എത്ര ഭാഗ്യവാനാണ് എന്നാണ് കാരണം എത്ര പേരാണ് ക്യാമ്പിലേക്ക് മാറുന്നത് ഒരു വിഷമം ഇല്ലാതെ എല്ലാം ഞാൻ എൻറെ വീട്ടിൽ സുഖമായി ഉറങ്ങുന്നത് രാത്രിയൊക്കെ ഞാൻ കാണിച്ചത് എത്ര അഹങ്കാരമാണ് ഫാൻ ഇല്ലാത്തതിന് എത്ര കരഞ്ഞാണ് ഞാൻ ഉറങ്ങിയത് മനുഷ്യൻ അങ്ങനെയാണ് അവരുടെസുഖങ്ങൾ മാത്രമാണ് നോക്കുക മറ്റുള്ളവരെന്തായാലും നമ്മുക്കെന്താ എന്ന ചിന്തയാണ് ഞാനും അങ്ങനെയാണ് ഈ മഴ അനുഭവം ഒരിക്കലും എൻറെ മനസ്സിൽ നിന്ന് പോവാത്ത ഒന്നാണ് കേരളത്തിലെ വിറപ്പിച്ച ഒരു മഴയാണ് 2018 ഇപ്പോൾ ഒരു സിനിമയായി 2018 ഈ സിനിമ നമ്മളെ ഒന്ന് കൂടെ ആ ദുരന്ത കാലം ഓർമിപ്പിക്കുന്നു

**Mayookha P . M**
**9 - C**



Aadhya Lakshmi
5 - D

# സൂര്യദിശ



നീ പോകുന്ന വഴികളൊന്നും
പരവതാനി വിരിച്ചവയല്ല.

മുള്ളുകളെ
മുത്തമിട്ട
വിണ്ട
ചുണ്ടുകൾ .

നീരൊലിക്കുമ്പോൾ
തേൻ നുകരുന്ന
കാട്ടു
ചെന്നായ്ക്കൾ .

ദേശങ്ങൾ
കോട്ട കെട്ടി –
ഒരു തുണ്ടു പോലും
കുന്നിനെ
കടത്താത്താത്ത
നാട്ടു
വീട്ടു
പ്രമാണികൾ .

കാലങ്ങളെത്ര
കടന്നുപോയിട്ടും,
കിണറ്റിൻകരയിലെ
ജാതി
തുറിച്ചു നോക്കുന്നു.

കൂർത്ത
നോട്ടത്തിൽ
കരിഞ്ഞു പോകുന്ന
പൂമൊട്ടുകൾ.

വിരിച്ച പരവതാനികൾ
പറിച്ചെറിഞ്ഞ് –
പുതിയ
മുൾചെടികൾ
നട്ട് –
നടന്നു നീങ്ങണം
സൂര്യ ദിശയിലേക്ക്.



**പ്രജീഷ് എ തളീക്കര**
(അധ്യാപകൻ nhss vattoli)





Lakshmi Vinayaka KC

6C

# ഓർമ്മകുറിപ്പ്

2023 ഒരു കുളിർകാറ്റ് പോലെയാണ് എൻറെ ജീവിതത്തിൽ കണ്ടുവന്നത് പുതിയ പ്രതീക്ഷകളും പുത്തൻ ചിന്തകളും നിറഞ്ഞ ഒരു വർഷമായിരുന്നു ഒരുപാട് ദുഃഖങ്ങളും സന്തോഷങ്ങളും 2023 വർഷത്തിൽ എന്റെ ജീവിതത്തിൽ വന്നു പോയി കൊണ്ടിരുന്നു വർഷത്തിൽ ഒരു യാത്ര പോയ മനോഹരമായ ഓർമ്മയാണ് ഞാൻ പങ്കുവെക്കുന്നത് ഞാനും ഒരു യാത്ര പോയി. യാത്രയ്ക്കിടയിൽ എന്നെ ഏറെ സ്പർശിച്ചതും സ്വാധീനിച്ചതുമായ കാഴ്ച ഒരു കടലും പരിസരവുമാണ് കടലിൽ എത്തിയത് ആകാശത്തിന്റെ വെളിച്ചം മാഞ്ഞുപോകുന്നത്തിലായിരുന്നു അവിടെ ഗർജിക്കുന്ന തിരയടികൾ എൻറെ മനസ്സിലെ എല്ലാ വിമിഷ്ടവും സന്തോഷത്തിന്റെ തിരമാലകൾ കൊണ്ട് നിറഞ്ഞു മനസ്സിലെ ദുഃഖമെല്ലാം ആകും പോയി പക്ഷേ പൂർണ്ണമായി എന്ന് പറയാൻ കഴിയില്ല കാരണം കടലിനെ ചുറ്റുമുള്ള മാലിന്യമായ അവിടെ വിടെയുള്ള സ്ഥലങ്ങൾ എന്നെ ശേഷിപ്പിച്ചു കൊണ്ടിരുന്നു ആ സന്ധ്യയാമം ഉള്ള ഒരു കാഴ്ച കണ്ടു അത് സൂര്യാസ്തമയം ആയിരുന്നു അത് കണ്ടപ്പോൾ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന എല്ലാ ക്രൂരതകൾക്കും സൂര്യൻ ചുവന്ന നിറത്തിൽ  കത്തി ജ്വലിച്ച് ദേഷ്യം പ്രകടിപ്പിക്കുന്നതായി തോന്നി പിന്നീട് കടലിനും വേണ്ട ഒരു വിശ്രമം എന്ന് എനിക്ക് തോന്നി നാമെല്ലാം നിദ്രയിൽ കിടക്കുമ്പോഴും അത് വിഷമിക്കുന്നില്ല ജ്വലിച്ചു കൊണ്ടേയിരിക്കുന്നു നിശ്ചലമായ ഒരു കൃതി മാസമാണ് കടൽ പ്രകൃതിയിലെ സുന്ദരമായ വിഭവങ്ങൾ ഉള്ളത് ആണ് ആഴക്കടൽ ഇവിടെ നിറയെ സൗന്ദര്യ വസ്തുക്കളാണ് എന്നാൽ ചിലപ്പോഴൊക്കെ ശാന്തമായ കടൽ ഉഗ്രരൂപണിയായി ദുരന്ത അവസ്ഥയിൽ പ്രത്യക്ഷപ്പെടുന്നു അത് ആലോചിക്കുമ്പോൾ കടൽ മനസ്സിൽ ആയ അനുഭൂതി സൃഷ്ടിക്കുന്നു ഇങ്ങനെ എന്നെ ഏറെ സ്വാധീനിച്ച ഏറ്റവും നല്ല പ്രകൃതി സൗന്ദര്യവും പ്രകൃതി ദുരന്തവും ആണ് കടലമ്മ.

**Avanthika Ajith**
**9-I**

# ഒരുമ

**മിനിക്കഥ**

**വലിയ ധനികനായ അയാൾക്ക് അഞ്ചു മക്കളാണുണ്ടായിരുന്നത്.**

**അഞ്ചും ആൺമക്കൾ.**

**അവർ എല്ലാ സൗഭാഗ്യങ്ങളോടെയും വളർന്നു വലുതായി.**

**പക്ഷേ അയാൾ അതീവ ദു:ഖിതനായിരുന്നു.**

**മക്കൾ തമ്മിൽ ഒരു കാര്യത്തിലും ഒരുമയില്ലാത്തതായിരുന്നു കാരണം.**

**അവർ തമ്മിൽ എന്നും വഴക്കാണ്.**

**കീരിയും പാമ്പും പോല എന്നുപറയുന്നതാവും കൂടുതൽ ശരി.**

**നാളുകൾ കഴിയുന്തോറും ഇത് വർദ്ധിച്ചു വന്നു.**

**വീട്ടിൽ യാതൊരു സമാധാനവുമില്ല.**

**ഒരുകാര്യത്തിലെങ്കിലും ഒന്നിച്ചുനിൽക്കുന്ന മക്കളെ അയാൾ സ്വപ്നം കണ്ടു.**

**പക്ഷേ ഫലമുണ്ടായില്ല..**

**ഒരുനാൾ അയാളുടെ ഭാര്യ മരിച്ചു.**

**അയാൾ മറ്റൊരുവളെ വിവാഹം കഴിച്ചു.**

**ഒരു ദിവസം മക്കൾ അഞ്ചുപേരും മുറിയിലടച്ചിരുന്ന് നടത്തുന്ന ഗൂഢാലോചന ഭാര്യ കേട്ടു.**

**മൂത്തവനാണ് പറഞ്ഞത്: "രണ്ടാനമ്മയ്ക്ക് ഒരു കുഞ്ഞുപിറന്നാൽ അച്ഛന്റെ**

**വീടിനും സ്വത്തിനും അവനും അവകാശിയാകും.'**

**ഇളയവൻ പറഞ്ഞു : "അതിന് അനുവദിച്ചു കൂടാ....'**

**എല്ലാം കേട്ട് ഞെട്ടിയ ഭാര്യ ഓടി ചെന്ന് അയാളോട് പറഞ്ഞു:**

**നിങ്ങളെ വധിക്കാൻ മക്കൾ അഞ്ചുപേരും കൂടി ചേർന്ന് തീരുമാനിച്ചിരിക്കുന്നു.**

**ഇതുകേട്ട് അയാൾ സന്തോഷത്തോടെ പറഞ്ഞു: 'അങ്ങനെ ഒരു കാര്യത്തിലെങ്കിലും എന്റെ മക്കൾ ഒന്നായല്ലോ... ഇനിയെനിക്ക് സമാധാനത്തോടെ മരിക്കാം..**




**നാസർ കക്കട്ടിൽ**

മുൻ അധ്യാപകൻ ( nhss vattoli)

**(പ്രശസ്ത എഴുത്തുകാരൻ)**




**Mithradev**
**6 - E**








**Sageth. P.S**
**9 - A**






**Ayush krishna . m . s**
**7 - D**

# യൂട്യൂബ് കറി

സിമ ടീച്ചർ വിയർത്ത് ഉരുകി കൈക്ക് ചെറിയ വിറയൽ "ഇനി എന്താ ചെയ്യാ " അരച്ച തേങ്ങ തട്ടി മറിഞ്ഞു ചാനൽ കട്ട് റേഞ്ച് കിട്ടുന്നില്ല പച്ചക്കറി കഷണങ്ങൾ വെന്ത് അടിയുന്നു ടേച്ച് സ്ക്രീ നിൽ വിരൽ നീട്ടി വലിച്ചു മാറി വന്ന ചാനൽ പരികഷീച്ചു അവസാനം ചാനൽ പിന്നെയും മാറി ഒരു വറവ് കൂടി

വിരുന്നിന് വിളമ്പുമ്പോൾ ടീ ച്ചർ ഒന്ന് കൂടി വിയർത്തു തൊണ്ട വരണ്ടു തല കറങ്ങുന്നത് പോലെ അതിഥികൾ രുചിക്കുന്നത് കാണാൻ വയ്യാതെ ടീച്ചർ അടുക്കള ശരണമാക്കി

: നല്ല കറി എന്താ പേര് " നല്ല സ്വാദ് :

വരണ്ടതൊണ്ട ഉമിനീരിൽ മുക്കി ടീച്ചർ മൊഴിഞ്ഞു " യൂട്യൂബ് കറി "
ചുറ്റും മൗനം



NANDHA KUMAR

# കാറ്റിന്റെ കൈകൾ

അന്തിച്ചുവപ്പ് ഭൂമിയിൽനിന്ന് മെല്ലെ അകന്ന് മാറി. മഴ പെയ്ത് തോർന്നൊരു സന്ധ്യാസമയം, വൃദ്ധൻ തെരുവിലൂടെ അലഞ്ഞു. ചുക്കിച്ചുളിഞ്ഞ ശരീരവും ചേറു പുരണ്ട വസ്ത്രവും അയാളെ ഭിക്ഷക്കാരൻ കണക്കെ തോന്നിച്ചു. എങ്ങും നിശബ്ദത, ആളൊഴിഞ്ഞ വീഥിയിൽ ആരും ശ്രദ്ധിക്കാനില്ലാതെ അയാൾ അലഞ്ഞു.

ആളൊഴിഞ്ഞ വൈകുന്നേരങ്ങളിൽ തെരുവ് നായ്ക്കൾ തളർന്നുറങ്ങുന്ന കടത്തിണ്ണയിലേക്ക് അയാൾ കൂനിക്കൂടി നടന്നു. കാലപ്പഴക്കം കാരണം മണ്ണിളകി തുടങ്ങിയ പടികളുള്ള ആ കടയുടെ മേൽക്കൂരയിലെ ഓടുകൾ തകർന്നിരിക്കുന്നു. കടത്തിണ്ണയുടെ മണ്ണ് പുരണ്ട നിലത്ത് അയാൾ മലർന്നുകിടന്നു. തകർന്ന ഓടുകൾക്കിടയിലൂടെ ആകാശത്തുണ്ട് നോക്കി അയാൾ കിടന്നു. വാർദ്ധക്യ നരയേറ്റ് വാടിയ മുഖത്ത് ഈച്ചകൾ വന്നിരുന്നു. സന്ധ്യാ സൂര്യന്റെ സപ്തവർണ്ണങ്ങൾ വിഹായസ്സിനെ അലങ്കരിച്ചിരിക്കുന്നത് അയാളുടെ പാടയും പീളയും കെട്ടികിടന്ന കണ്ണിൽ തിളങ്ങി നിന്നു.

കുറെ നേരം നോക്കി നിൽക്കെ വൃദ്ധന്റെ ചുളിഞ്ഞ ചുണ്ടുകളും കറുത്ത കുത്തുകൾ പോലെ തോന്നിക്കുന്ന അടയാളങ്ങളുള്ള മൂക്കും വിറക്കുവാൻ തുടങ്ങി.അയാൾ കരയാൻ തുടങ്ങിയിരുന്നു. കവിൾത്തടലൂടെ കണ്ണീർ തളംകെട്ടി ഒഴുകി.

വിശപ്പ് അയാളെ അലട്ടുന്നുണ്ടായിരുന്നു. അയാൾ വിറയലോട്ടു കൂടി എല്ലിച്ച കൈകൾ കുത്തി എഴുന്നേൽക്കുവാൻ ശ്രമം നടത്തി. പിടഞ്ഞ് എഴുന്നേറ്റ് കടത്തിണ്ണയുടെ ഒരു കോണിൽ ചാരി ഇരുന്നു. വിശപ്പിന്റെ കാഠിന്യം കൊണ്ടായിരിക്കണം. അയാൾ മയങ്ങിപോയിരുന്നു.

തന്റെ ഭാര്യയും സ്നേഹ സമ്പന്നമായ വീടും
അയാളുടെ മനസ്സിലൂടെ ഓടി മറഞ്ഞു കൊണ്ടിരുന്നു. മകൾക്ക് വേണ്ടി ജീവിച്ചിരുന്ന താൻ ജീവിക്കുവാൻ മറന്നുപോയി എന്ന തിരിച്ചറിവ് അയാളെ നൊമ്പരപ്പെടുത്തി. മക്കളുണ്ടായതിനുശേഷം ബാധ്യതകൾ ഏ

**ശ്രദ്ധ എസ് ശേഖരൻ**
(മുൻ അക്ബർ കക്കട്ടിൽ കഥാ പുരസ്കാര ജേതാവ്)

മികവ്

അറിവ് അഗ്നിയാണ് വാക്കുകൾ നക്ഷത്രങ്ങളും' അറിവിൻന്റെ നിറവിൽ ഒരു അധ്യയന വർഷം കൂടി പടിയിറങ്ങുന്നു . ... പാഠ്യ - പാഠ്യേതര വിഷയങ്ങൾക്ക് ഒപ്പം നാം എന്നും നെഞ്ചോട് ചേർക്കുന്ന കലാകായിക ശാസ്ത്രമേളകളിലെ വിജയ കുതിപ്പുകൾ തിളങ്ങുന്ന ഓർമ്മകളാണ് നമുക്ക് സമ്മാനിക്കുന്നത്. സബ്ജില്ലാ ജില്ല സംസ്ഥാന തലങ്ങളിൽ നേടിയ മത്സര വിജയങ്ങളും ചരിത്ര നേട്ടങ്ങളും പുതിയ വർഷത്തിന്റെ കുതിപ്പിന് കരുത്തു പകർന്നുവന്നത്  പറയാതെ വയ്യ . ഭൗതിക സൗകര്യങ്ങൾ കൊണ്ടും പഠന മികവുകൊണ്ടും നിരന്തര പരിശീലനം കൊണ്ടും സജീവമായ ഒരു വിദ്യാലയ അന്തരീക്ഷം ആത്മാർത്ഥതയും അർപ്പണബോധവും ഉള്ള ഒരു തലമുറയെ സൃഷ്ടിക്കുമെന്ന് തെളിയിച്ച വർഷം കൂടിയാണ് ഇത്.

# കലോത്സവം

കലാലയത്തിന്റെ കലോത്സവം ഓർമ്മകൾ ലിറ്റിൽ കൈറ്റ്സിൻ്റെ പ്രയാണത്തിലെ പുതിയ ഒരു നാഴികക്കല്ലാണ്. സാഹിത്യവും മനുഷ്യ മനസ്സിനെ നിരന്തരം നവീകരിക്കുകയും സാമൂഹിക പരിണാമത്തിലെ മാനവിക മൂല്യങ്ങളെയും കാഴ്ചപ്പാടുകളെയും രൂപീകരിക്കാൻ സമ നയിക്കുകയും ചെയ്യും. വിദ്യാഭ്യാസം എന്നത് കേവലം അറിവ് ഉത്പാദന പ്രക്രിയ മാത്രമല്ല കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗവാസനകളുടെ പരിപോഷണങ്ങളിലൂടെ മാത്രമേ വിദ്യാഭ്യാസം എന്ന മഹത്തായ ദൗത്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ. അത്തരത്തിലുള്ള ക്രിയാത്മകമായ പ്രവർത്തികളിലൂടെ മുന്നോട്ടുപോകുന്ന ഒരു വിദ്യാലയമാണ് നമ്മുടെ വിദ്യാലയം.ഈ വർഷവും മികവാർന്ന വിജയം കരസ്ഥമാക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഈ വർഷത്തെ സബ്ജില്ലാ സ്കൂൾ കലോത്സവം നടന്നത് പള്ളിയത്ത് വച്ചായിരുന്നു 513 ൽ പരം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. അതിൽ 21 ഇനങ്ങൾക്ക് ജില്ലയിലേക്ക് അവസരവും ലഭിച്ചു യുപി വിഭാഗതിൽ13 ഗ്രൂപ്പിനങ്ങളും ഇനങ്ങളും 8 സിംഗിൾ ഇനങ്ങളും പങ്കെടുത്തു. ഹൈസ്കൂൾ വിഭാഗം15 ഗ്രൂപ്പിനങ്ങളും 21 സിംഗിൾ ഇനങ്ങളും പങ്കെടുത്തു. നവംബർ 10 ,13, 14 ,15 ,16 എന്നീ തീയതികളിലായിരുന്നു സബ്ജില്ലാ കലോത്സവം. 9 മണിക്ക് ആരംഭിച്ച കലോത്സവം അവസാനിക്കുമ്പോൾ വളരെ വൈകിയിരുന്നു. 196 പോയിന്റോട് കൂടി നാഷണൽ ഹൈസ്കൂൾ ചാമ്പ്യൻഷിപ്പ് നേടി.വളരെ

വാശിയേറിയ മത്സരമായിരുന്നു. നാട്ടുകാരുടെ സഹകരണം അഞ്ചുദിവസമായി നീണ്ടുനിന്ന കലോത്സവത്തെ അതിമനോഹരം ആക്കി.

കോഴിക്കോട് ജില്ലാ കലോത്സവം അരങ്ങേറിയത് പേരാമ്പ്രയിൽ വച്ചായിരുന്നു. 21 ഞങ്ങളുടെ സ്ക്കൂളിൽ ജില്ലയിലേക്ക് പ്രവേശിച്ചത്. അതിൽ കൂടിയാട്ടം സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഇനങ്ങൾക്ക് എ ഗ്രേഡും മറ്റു ഗ്രേഡുകളും ലഭിച്ചു. ഡിസംബർ 3, 5 ,6, 7 ,8 ദിവസങ്ങളിലായിരുന്നു ജില്ലാ കലോത്സവം.



ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കേരള സ്ക്കൂൾ കലോത്സവത്തിന്റെ 62 മത്തെ സംസ്ഥാന കലോത്സവം 4 ,5 ,6 ,7 , 8 ദിവസങ്ങളിൽ കൊല്ലം ജില്ലയിൽ നടത്തപ്പെ-

ട്ടപ്പോൾ ചരിത്രമുറങ്ങുന്ന എൻ.എച്ച്.എസ്.എസ്സിന്റെ സ്റ്റുഡൻസ് കൂടിയാട്ടത്തിന് Aഗ്രേഡ് നേടി നമ്മുടെ വിദ്യാലയത്തിന്റെഅഭിമാനമായി.

കൊല്ലം കെങ്കേമമാക്കിയ കലോത്സവത്തിൽ എൻഎച്ച്എസ്എസ് ന് സംസ്ഥാനതലത്തില് വരെ പേരുറപ്പിച്ച **ദേവജ്ഞ ,ധ്രുവത, ശിവർണ വീണ ,അനുഗ്രഹ, ഹൃതിക, കവിത്രയ, നിരഞ്ജന.**

# സാമൂഹ്യ ശാസ്ത്രമേള


2023-24 അക്കാദമിക് വർഷത്തിൽ സാമൂഹ്യശാസ്ത്രമേളയിൽ മികച്ച വിജയമാണ് നമ്മുടെ സ്കൂളിന് കരസ്ഥമാക്കാൻ സാധിച്ചത്. കുന്നുമ്മൽ സബ്ജില്ലാ ശാസ്ത്രമേളയിലെ സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ വിവിധ ഇനങ്ങളിൽ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ കഠിനമായ പരിശ്രമത്തിലൂടെ വളരെ മികച്ച വിജയം തന്നെ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രസംഗം, പ്രാദേശിക ചരിത്രരചന സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, അറ്റ്ലസ് ക്വിസ് ഈ മേളയിൽ മൂന്ന് ഒന്നാം സ്ഥാനവും ,രണ്ട് രണ്ടാം സ്ഥാനവും ,ഒരു മൂന്നാം സ്ഥാനവും ലഭിച്ചു. 6 എ ഗ്രേഡും 52 പോയിൻറ്കളുമായി മറ്റെല്ലാ സ്കൂളുകളെയും പിന്നിലാക്കി മുൻനിരയിൽ എത്തിക്കാൻ നമുക്ക് സാധിച്ചു.

സബ്ജില്ലാതലങ്ങൾക്കും അപ്പുറം ജില്ല തലങ്ങളിലേക്കും സ്കൂളിൻറെ യശസ്സ് ഉയർത്താൻ പ്രാപ്തരായിട്ടുള്ള വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉണ്ട് .ആ പങ്കാളിത്തത്തിലൂടെ ഉന്നത വിജയത്തിൻറെ വെള്ളികൊടി പാറിക്കാൻ സാധിച്ചിട്ടുമുണ്ട്. പ്രസംഗത്തിലും, പ്രാദേശിക ചരിത്രരചനയിലും, ക്വിസ്സിലും ഒന്നാം സ്ഥാനവും എ ഗ്രേഡും നേടുകയും സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടുകയും ചെയ്തു.

പഠന പ്രവർത്തനങ്ങളിൽ മികവാർന്ന വിജയം കേവലം സബ്ജില്ലാ ജില്ലാതലങ്ങളിൽ ഒതുങ്ങുന്നതല്ല എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് നമ്മുടെചുണക്കുട്ടിക  സംസ്ഥാനതലത്തിലേക്ക് കുതിച്ചുയർന്നുകൊണ്ട് സ്ക്കുളിൻറെ പേരും പ്രശസ്തിയു സംസ്ഥാന തലത്തിലേക്ക് എത്തിച്ചു എന്നത് ചരിത്രത്തിൻറെ പ്രധാന ഏടായി രേഖപ്പെടുത്താം .

കേരളത്തിലെ മികച്ച പ്രാസംഗികൻ എന്ന പദവി അലങ്കരിക്കാൻ നമ്മുടെ സ്ക്കുളിൻറെ അഭിമാനമായ **അഭിഷേക് നമ്പീശന്** സാധിച്ചിട്ടുണ്ട്. പ്രാദേശിക ചരിത്രരചന മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച് **നിവേദിത എം** ഒപ്പം, ക്വിസ് മത്സരത്തിൽ **കൃഷ്ണപ്രിയയ്ക്ക്** എ ഗ്രേഡ് ലഭിച്ചു.





# ഗണിത ശാസ്ത്രമേള

ഈ വർഷത്തെ ഗണിതശാസ്ത്രമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഒട്ടും പിറകിലല്ല എന്ന് നമ്മുടെ വിദ്യാർത്ഥിനികൾ തെളിയിച്ചിരിക്കുന്നു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടപ്രയത്നത്തിന്റെ ഫലമായി നമ്മുടെ വിദ്യാലയത്തിന്റെ മഹിമ ഉയർത്തിപ്പിടിച്ചു.ഈ മേളയിലെ വിവിധ ഇനങ്ങളിലായി 5 ഒന്നാംസ്ഥാനം 3 രണ്ടാം സ്ഥാനം രണ്ട് മൂന്നാം സ്ഥാനം 12 A ഗ്രേഡ് ഒരു B ഗ്രേഡ് നേടി മികച്ച വിജയം കാഴ്ചവച്ചു.

സിമ്പിൾ പ്രൊജക്റ്റ് , ഗ്രൂപ്പ് പ്രോജക്ട് , അപ്ലൈഡ് കൺസ്ട്രക്ഷൻ, സ്റ്റിൽ മോഡൽ , ക്വിസ് , വർക്കിംഗ് മോഡൽ, ഭാസ്കരാചാര്യ പ്രസന്റേഷൻ, രാമാനുജൻ പേപ്പർ പ്രസന്റേഷൻ ,നമ്പർ ചാർട്ട് തുടങ്ങിയ ഇനങ്ങളിൽ ജില്ലാ തലത്തിലും നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനം നടത്തി.

നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ ഗണിതശാസ്ത്രമേളയിൽ ഒരു പൊൻതൂവൽ ചാർത്തിക്കൊണ്ട് ജില്ലാതലത്തിൽ നിന്ന് സംസ്ഥാന തലത്തിലേക്ക് ഉയർത്തി.

# പ്രവർത്തി പരിചയമേള

ഈ വർഷത്തെ പ്രവർത്തി പരിചയമേളയിൽ വളരെ മികച്ച വിജയമാണ് നമ്മുടെ സ്ക്രൂളിന് കരസ്ഥമാക്കാൻ സാധിച്ചത്. ഡോൾ മേക്കിങ്, ബീഡ്സ് വർക്ക്, എംബ്രോയിഡറി, വെജിറ്റബിൾ പ്രിന്റിംഗ്, പ്രോഡക്റ്റ് യൂസിങ് റെക്സിൻ ക്യാൻവാസ് തുടങ്ങിയ ഇരുപതോളം ഇനങ്ങളിൽ നമ്മുടെ സ്ക്രൂളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും കഠിനമായ പരിശ്രമത്തിലൂടെ മികച്ച വിജയം നേടിയെടുക്കാൻ സാധിച്ചു. സബ്ജില്ല തലങ്ങൾക്ക് ശേഷം ജില്ലാതലങ്ങളിലും സ്ക്രൂളിലെ യശസ്സ് ഉയർത്താൻ നമ്മുടെ വിദ്യാർത്ഥികൾക്ക് സാധിച്ചു. ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 17 ഇനങ്ങളിലും ഉന്നത വിജയം നേടി. സബ്ജില്ലാ ജില്ല തലങ്ങളിലെ കഠിനമായ മത്സരങ്ങൾക്ക് ശേഷം പ്രൊഡക്ട് യൂസിങ് റെക്സിൻ ക്യാൻവാസ് എന്ന ഇനത്തിൽ സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടിയ നമ്മുടെ വിദ്യാലയത്തിലെ അഭിമാന താരമായ **നിവേദ്യ നിഷാദ്** സംസ്ഥാനതലത്തിലും എ ഗ്രേഡ് നേടി കൊണ്ട് മികച്ച വിജയം കൈവരിച്ചു.



# ശാസ്ത്രമേള

2023 -24 അക്കാദമിക് വർഷത്തിൽ സയൻസ് മേളയിൽ വർക്കിംഗ് മോഡൽ , സ്റ്റിൽ മോഡൽ, പ്രോജക്ട്, ഇംപ്രൂവൈസ്ഡ് എക്സ്പിരിമെന്റ്, ക്വിസ് തുടങ്ങിയ വിവിധ ഇനങ്ങളിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. അവരുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയും നല്ല വിജയം കൈവരിക്കാനും സാധിച്ചു.



SCHOOL PREMIER LEAGUE
little KITEs
27 JANUARY 2024
NHSS VATTOLI
വട്ടോളിസ്കൂൾ
ആവേശച്ചൂടിൽ

# NHSS PREMIER LEAGUE

പുതുപുത്തൻ ആശയവുമായി മുന്നിട്ടുനിൽ
ക്കുകയാണ് വട്ടോളി നാഷണൽ ഹയർസെക്ക
ന്ററി സ്കൂൾ ഒരുപറ്റം വിദ്യാർത്ഥികളും അധ്യാപരും.
കുട്ടികളിലെ ഫുട്ബോൾ ആരാധന മനസ്സിലാക്കിയ
അധ്യാപകർ അവർക്കായി ക്ലാസ്സ് ഡിവിഷൻ തലമത്സരം
സംഘടിപ്പിച്ചുവരുകയാണ്. ആദ്യമത്സരം ജനുവ
രി 22-ന് സ്കൂൾ മൈതാനത്തിൽ വെച്ച് ആരംഭിച്ചു.
രാവിലെയും വൈകുന്നേരവുമായി 4 മാച്ചുകളിലൂടെ
വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ മാറ്റുരയ്ക്കുന്നത്.
രാവിലെ 8 മണി മുതൽ 9 മണി വരെയും വൈകുന്നേരം 4
മണി മുതൽ 5 മണി വരെയും ആണ് മത്സരം നടക്കുന്നത്.
ഓരോ മാച്ചിനും 20 മിനിറ്റ് സമയമാണ് മത്സരത്തിനായി
ടീമുകൾക്ക് അനുവദിച്ചിരിക്കുന്ന സ്കൂളിലെ അധ്യാപ
കരായ സലീം മാസ്റ്ററും സന്തോഷ് മാസ്റ്ററും കൂടിയാണ്
മത്സരം കൂട്ടിയോജിപ്പിക്കുന്നത് മത്സരത്തിന് റഫിറിയായി
സ്കൂളിലെ കായിക അധ്യാപകനായ സന്തോഷ് മാസ്റ്ററും
കൂടെയുണ്ട്. ഓരോ മാച്ച് കഴിയും തോറും വിദ്യാർത്ഥികളിലെ
വാശിയും മത്സരച്ചൂടും കൂടികൊണ്ടിരിക്കുകയാണ്.

# ഫുട്ബോൾ NHSS പ്രീമിയർ ലീഗ്

## 9 Class Fixture





Santosh(P.E.T )



Salil(P.E.T )

സലീൽ സാറുടെയും സന്തോഷ് സാറിന്റെയും വാക്കുകളിലൂടെ,

വട്ടോളി നാഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ ഫുട്ബോൾ പ്രീമിയർ ലീഗ് മത്സരം 22 /1/ 2024 മുതൽ ആരംഭിച്ചു. അഞ്ചാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള 50 ക്ലാസ് ടീമുകൾ ആണ് മത്സരിക്കുന്നത്. എല്ലാ ക്ലാസിലെയും കുട്ടികൾക്ക് കളിക്കാനുള്ള അവസരവും അതുപോലെ അറിയപ്പെടാത്ത കളിക്കാരെ കണ്ടെത്തുന്നതിനും അടുത്തവർഷത്തെ സബ്ജൂനിയർ ജൂനിയർ സീനിയർ ടീമിലേക്ക് വേണ്ടി കളിക്കാരെ കണ്ടെത്തുന്നതിനുമാണ് ഇങ്ങനെ ഒരു മത്സരം സംഘടിപ്പിച്ചത്. ഈ മത്സരത്തിൽ പങ്കെടുത്തു ജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ്,മെഡൽ,ട്രോഫി എന്നിവ നൽകുന്നതാണ്. എല്ലാ അധ്യാപകരുടെയും രക്ഷിതാക്കളുടെയും മാനേജ്മെന്റിന്റെയും സഹകരണത്തോടുകൂടിയാണ് ഈ മത്സരം നടക്കുന്നത്.

# FULL TIME SCORES

## FIRST MATCH

| | | |
|---|---|---|
| 9L | 0-1 | 9N |
| 9C | 1-0 | 9E |
| 9H | 1-0 | 9I |
| 9B | 0-1 | 9J |
| 9A | 0-1 | 9G |
| 9M | 5-0 | 9F |

## QUARTER FINAL

| | | |
|---|---|---|
| 9K | 4-0 | 9N |
| 9C | 5-2 | 9H |
| 9J | 6-7 | 9G |
| 9M | 1-0 | 9D |

## SEMIFINAL

| | | |
|---|---|---|
| 9K | | 9C |
| 9G | | 9M |

## FINAL

| | | |
|---|---|---|
| | | |

# MAGAZINE TEAM MEMBERS

HARINANDH K K
AADHIDEVA P
Vaishnav RAVINTHRAN
NIVED KRISHNA
JIA T
SREENANDHANA S

HARSHITH LAL
SAGETH P S
Kanishk
Adinan

Nidha Fathima
Misna jebin
Namiya siwa
Faiha Rafeeq
Minha Fathima
Soorya chandran
Sreya p
Vedha Raj
Parvana sureesh